**<u>എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം</u>**
**<u>(ഹാജർ : കെ.മുഹമ്മദ്.വൈ. സഫീറുള്ള, ഐ.എ.എസ്)</u>**

**നം.സി2- 66731/16.** തീയതി : 27/10/2018.

**വിഷയം:-** പൊന്നുംവില - അങ്കമാലി ശബരി റെയിൽവെ പദ്ധതി - അങ്കമാലി വില്ലേജിൽ ബ്ളോക്ക് നമ്പർ-12 ൽ വിവിധ സർവെ നമ്പരുകളിൽപ്പെട്ട 00.18 ഹെക്ടർ സ്ഥലം, മറ്റൂർ വില്ലേജിൽ ബ്ളോക്ക് നമ്പർ-27 ൽ വിവിധ സർവെ നമ്പരുകളിൽപ്പെട്ട 00.42 ഹെക്ടർ സ്ഥലം RFCTLARR Act.2013 പ്രകാരം ഏറ്റെടുക്കുന്നത്. - സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട്, സമുചിത ഗവൺമെന്റ് പരിശോധിച്ച് അംഗീകാരം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

**വായന:-** 1. സതേൺ റെയിൽവെ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ-II, കൺസ്ട്രക്ഷൻ എറണാകുളം സമർപ്പിച്ച 03.09.2016 ലെ No.W271/CN/ERS/AFK-SAB/LA നമ്പർ അർത്ഥന.

2.സതേൺ റെയിൽവെ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ-II, കൺസ്ട്രക്ഷൻ എറണാകുളം സമർപ്പിച്ച 09.02.2017 ലെ No.W.352/CN/II/ERS/ROB നമ്പർ അർത്ഥന.

3.സംസ്ഥാന സർക്കാർ 04.06.18 ലെ 1483 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റവന്യൂ (ബി) വകുപ്പിന്റെ 21.05.1 ലെ G.O.(P) No.26/ 2018/ RD വിജ്ഞാപനം.

4.ജില്ലാ കളക്ടറുടെ 05.03.18 ലെ സി2-6673/201 നമ്പർ Form-4 വിജ്ഞാപനം.

5. S.I.A.യൂണിറ്റായ 'യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ സോഷ്യൽ സർവ്വീസ് സെന്റർ,കോതമംഗലം' സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്.

6. G.O.(P) No. 377/2016/RD തീയതി: 29.6.16.

7. ജില്ലാ കളക്ടറുടെ 04.10.18 ലെ ഇതേ നമ്പർ നടപടിക്രമം.

8.വിദഗ്ധ സമിതി ചെയർമാനായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേസ് പെരുമ്പാവൂർ സമർപ്പിച്ച അവലോകന റിപ്പോർട്ട്.

. . . . . . . .

അങ്കമാലി-ശബരിമല റെയിൽവേ ലൈൻ പദ്ധതിയിൽ, ഓരോ റെയിൽവെ മേൽപ്പാലങ്ങൾക്കായി അങ്കമാലി വില്ലേജിൽ ബ്ളോക്ക് നമ്പർ-12 ൽ,304,306,308,246.247, 288, 289 എന്നീ സർവെ നമ്പരുകളിലായി 00.18 ഹെക്ടർ, മറ്റൂർ വില്ലേജിൽ 289, 297. 298. 299, 300, 301, 314, 315, 316 എന്നീ സർവ്വെ നമ്പരുകളിലായി 00.42 ഹെക്ടർ എന്നിങ്ങനെ സ്ഥലങ്ങൾ *'ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ( RFCTLARR Act 2013)'* പ്രകാരം ഏറ്റെടുക്കുന്നതിനായി യഥാക്രമം വായന(1), വായന(2) എന്നിവ പ്രകാരം സതേൺ റെയിൽവെ, ഡെ.ചീഫ് എഞ്ചിനീയർ-II, കൺസ്ട്രക്ഷൻ എറണാകുളം അർത്ഥനകളും, അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതും, ടി സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി വായന (3) പ്രകാരം സംസ്ഥാന സർക്കാർ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേസ് പെരുമ്പാവൂരിനെ നിയമിച്ചിട്ടുള്ളതുമാണ്.

RFCTLARR Act 2013 വകുപ്പ് (4), *കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ( KRFCTLARR Rules 2015)* ചട്ടം 11(3) എന്നിവ പ്രകാരമുളള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി "യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവ്വീസ് സെന്റർ കോതമംഗലം എന്ന എസ്.ഐ.എ. യൂണിറ്റിനെ വായന (6) സർക്കാർ ഉത്തരവ് പ്രകാരമുള്ള സമുചിത സർക്കാരായ ജില്ലാ കളക്ടർ. വായന (4) പ്രകാരമുള്ള ഫോറം നമ്പർ-4 വിജ്ഞാപന പ്രകാരം നിയോഗിച്ചിട്ടുള്ളതും, ടി. വിജ്ഞാപനം 16/03/2018 ലെ 698-ാം നമ്പർ അസാധാരണ ഗസറ്റിലും ബന്ധപ്പെട്ട ജില്ലാ കളക്ടറേറ്റ്, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, ബാധിക്കപ്പെട്ട പ്രദേശം എന്നിവിടങ്ങളിലും ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു -മാണ്.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി വായന(5) പ്രകാരമുള്ള പഠന റിപ്പോർട്ട് എസ്.ഐ.എ.യൂണിറ്റ് സമുചിത സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റെയിൽപ്പാത വികസനത്തിന്റെ പ്രധാനനാഴികക്കല്ലായി മാറുന്ന അങ്കമാലി- ശബരി റെയിൽ പദ്ധതിയിൽ, മേൽ റെയിൽവെ മേൽപ്പാലങ്ങൾ അനിവാര്യമാണെന്നും, ഏറ്റവും ചെലവ് കുറഞ്ഞതും അനുയോജ്യവുമായതുമാണ് നിർദ്ദിഷ്ട സ്ഥലങ്ങളെന്നും, സ്ഥലമുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാനാവുമെന്നും, അങ്കമാലി - ശബരി റെയിൽവെ പദ്ധതിയിൽ മേൽ പ്രസ്താവിച്ച റെയിൽവെ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതുമൂലം ഉണ്ടാവുന്ന നേട്ടങ്ങൾ സാമൂഹ്യചെലവിനേയും, പ്രതികൂല സാമൂഹ്യ പ്രത്യാഘാതത്തേയും അപേക്ഷിച്ച് വളരെ മൂല്യമുള്ളതാണെന്നും, ടി പദ്ധതി 2013 ലെ 30-ാം നമ്പർ ആക്ടിലെ വകുപ്പ് 2(1), ബി-(i) എന്നിവ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുജന താല്പര്യത്തെ മുൻനിർത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ടി പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളും, ശുപാർശകളും അംഗീകരിക്കുവാനായി വായന (7) നടപടിക്രമം പ്രകാരം രൂപീകരിക്കപ്പെട്ടുള്ള വിദഗ്ധ സമിതി സമുചിത സർക്കാരിനോട് ശുപാർശചെയ്ത് വായന (8) പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ച് കൊണ്ടും റെയിൽവെ മേൽപ്പാലങ്ങൾക്കായി അങ്കമാലി വില്ലേജിൽ ബ്ലോക്ക് നമ്പർ-12 ൽ 304,306,308,246,247, 288,289 എന്നീ സർവെ നമ്പരുകളിൽപ്പെട്ട 00.18 ഹെക്ടർ, മറ്റൂർ വില്ലേജിൽ 289, 297, 298, 299, 300, 301, 314, 315, 316 എന്നീ സർവ്വെ നമ്പരുകളിലായി 00.42 ഹെക്ടർ എന്നിങ്ങനെ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായുള്ള പൊന്നുംവില നടപടിക്ക് RFCTLARR Act 2013 വകുപ്പ് 8(1), (2) എന്നിവ പ്രകാരം അംഗീകാരം. നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിനോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് RFCTLARR Act 2013 വകുപ്പ് 8(3) പ്രകാരവും, വിദഗ്ധ സമിതിയുടെ അവലോകന റിപ്പോർട്ട് KRFCTLARR Rules 2015 ചട്ടം(16) പ്രകാരവും ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ലാന്റ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (പൊന്നുംവില )റെയിൽവേസ് പെരുമ്പാവൂർ -നെ ചുമതലപ്പെടുത്തുന്നു.

ജില്ലാ കളക്ടർ